നം. സി.ഇ.ഇ/2062/2008/സി.എ,പി.-09/റ്റി.എ.1

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

**<u>വിജ്ഞാപനം</u>**

# 2009 ലെ MBBS/BDS കോഴ്സുകളിലേയ്ക്കുള്ള അന്തിമ ഘട്ട അലോട്ട്മെന്റ് 18.09.2009 ന് പ്രസിദ്ധീകരിക്കുന്നു

2009 ലെ MBBS/BDS കോഴ്സുകളിലേക്കുള്ള അന്തിമ ഘട്ട അലോട്ട്മെന്റ് **18.09.2009** ന് ഉച്ചയ്ക്ക് 1 മണിക്ക് **www.cee.kerala.gov.in** എന്ന വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

**18.09.2009** ന് പ്രസിദ്ധീകരിക്കുന്ന അലോട്ട്മെന്റ് പ്രകാരം അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ, **19.09.2009 മുതൽ 22.09.2009 വരെ** തീയതികളിൽ **SBT** യുടെ തെരഞ്ഞെടുത്ത ശാഖകളിൽ ഫീസ് ഒടുക്കേണ്ടതാണ്. ഒന്ന്, രണ്ട്, മൂന്ന് ഘട്ട അലോട്ട്മെന്റുകളിൽ അലോട്ട്മെന്റ് ലഭിച്ച് അഡ്മിഷൻ നേടിയ വിദ്യാർത്ഥികൾക്ക് ഈ അലോട്ട്മെന്റിൽ കോഴ്സ്/കോളേജ് മാറ്റം ലഭിക്കുകയാണെങ്കിൽ 19.09.2009 ന് തന്നെ ഇപ്പോൾ പഠിക്കുന്ന കോളേജിൽ നിന്നും റ്റി.സി. കൈപ്പറ്റേണ്ടതാണ്. ഇവർ അവരവരുടെ ഹോംപേജിൽ പറയുന്ന പ്രകാരം ബാക്കി ഫീസ് **22.09.2009** ന് മുൻപ് **SBT** യുടെ തെരഞ്ഞെടുത്ത ശാഖകളിൽ ഒടുക്കേണ്ടതാണ്. ഫീസടച്ചിട്ടുള്ള എല്ലാ വിദ്യാർത്ഥികളും **സെപ്റ്റംബർ 22-ാം തീയതി** പ്രോസ്പെക്ടസിൽ പറഞ്ഞിട്ടുള്ള രേഖകൾസഹിതം, അലോട്ട്മെന്റ് ലഭിച്ചിട്ടുള്ള കോളേജുകളിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്.

ഈ അലോട്ട്മെന്റ് പ്രകാരം സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിൽ അലോട്ട്മെന്റ് ലഭിച്ച് പ്രവേശനം നേടാത്ത വിദ്യാർത്ഥികളിൽ നിന്നും ലിക്വിഡേറ്റഡ് ഡാമേജസ് ഈടാക്കുന്നതാണ്.

**18.09.2009** ന് ശേഷം സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിലേക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തുന്നതല്ല.

**18.09.2009** ന് ശേഷം സർക്കാർ മെഡിക്കൽ/ഡെന്റൽ കോളേജുകളിൽ സീറ്റ് ഒഴിവുണ്ടായാൽ **26.09.2009** ന് ഒരു അലോട്ട്മെന്റ് കൂടി നടത്തുന്നതാണ്. ഇതിലേക്കായി വിദ്യാർത്ഥികളുടെ **15.09.2009 ൽ നിലവിലുള്ള** ഓപ്ഷനുകളായിരിക്കും പരിഗണിക്കുക.

സർക്കാർ മെഡിക്കൽ/ഡെന്റൽ കോളേജുകളിൽ നിന്നും അഡ്മിഷൻ ക്യാൻസൽ ചെയ്യാനുള്ള അവസാന തീയതി **23.09.2009** ആയിരിക്കും. **23.09.2009** ന് ശേഷം സർക്കാർ മെഡിക്കൽ/ഡെന്റൽ കോളേജുകളിൽ നിന്നും അഡ്മിഷൻ ക്യാൻസൽ ചെയ്യാൻ അനുവദിക്കുന്നതല്ല.

കോളേജ് അധികൃതർ '**നോൺ ജോയിനിംഗ്**' റിപ്പോർട്ട് **23.09.2009 ന് വൈകുന്നേരം 5 മണിക്ക് മുമ്പ് ഫാക്സ് മുഖാന്തിരം (0471-2337228)** പ്രവേശന പരീക്ഷാ കമ്മീഷണറെ അറിയിക്കേണ്ടതാണ്.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
17.09.2009